## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 373 — 10.03.2015-ൽ മറുപടിയ്ക്ക്

# വൈദ്യുതി തൂണുകൾ വാടകയ്ക്ക് അനുവദിയ്ക്കൽ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി തൂണുകൾ മറ്റ് സ്വകാര്യ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും കേബിൾ വലിയ്ക്കുന്നതിനും മറ്റുമായി വാടകയ്ക്കോ മറ്റേതെങ്കിലും വിധത്തിലോ അനുവദിച്ചു നൽകാറുണ്ടോ ; | (എ) അനുവദിച്ച് നൽകാറുണ്ട്. |
| (ബി) എങ്കിൽ ഇത്തരത്തിൽ അനുമതി നൽകുന്നതിന് മുമ്പായി മതിയായ പഠനങ്ങൾ കെ. എസ്. ഇ. ബി നടത്താറുണ്ടോ ; | (ബി) കെ. എസ്. ഇ. ബി. ലിമിറ്റഡിൻെറ പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്ത തരത്തിലും കെ. എസ്. ഇ. ബി. ലിമിറ്റഡിന് വരുമാനമുണ്ടാകുന്ന വിധത്തിലുമാണ് കേബിൾ വലിക്കാൻ അനുവാദം നൽകുന്നത്. |
| (സി) കെ. എസ്. ഇ. ബി യ്ക്ക് കീഴിലുള്ള വൈദ്യുതി തൂണുകളിൽ കേബിൾ വലിയ്ക്കുന്നതിന് റിലയൻസിന് അനുമതി നൽകിയിട്ടുണ്ടോ ; | (സി) തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ റിലയൻസ് ജിയോ ഇൻഫോകോമിന് വൈദ്യുത പോസ്റ്റുകളിൽ കൂടി ഒപ്ടിക്കൽ ഫൈബർ കേബിൾവലിക്കുന്നതിന് നിബന്ധനകളോടെ താത്കാലിക അനുവാദം നൽകിയിട്ടുണ്ട്. 30.01.2015 ലെ G.O (MS) No.05/15/PD പ്രകാരം കെ. എസ്. ഇ. ബി ലിമിറ്റഡിൻെറ വിതരണ പോസ്റ്റുകൾ മുഖേന ഏരിയൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിക്കുന്നതിന് M/s. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് നിർദ്ദിഷ്ട വ്യവസ്ഥകളോടെയാണ് അനുമതി നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഒരു കേസ് ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇത് മതിയായ പഠനങ്ങൾ കൂടാതെയും സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്നതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**